# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ് )

**എൽ.ആർ(റ്റി)1-2001/11** **തീയതി : 03.06.2011**

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - 1.1.1998-മുതൽ 31.12.2008-വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർമാരുടെ പുതുക്കിയ സംസ്ഥാനതല താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് - സംബന്ധിച്ച്.

വായന :-

1) ലാന്റ് റവന്യു അഡീഷണൽ കമ്മീഷണറുടെ LR(T)1-60601/2007 തീയതി 19.5.2008 നടപടിക്രമം
2) WA-789/88 നമ്പർ കേസലെ 21.3.91-ലെ ബഹു: കേരള ഹൈക്കോടതിയുടെ വിധിന്യായം
3) WA 162/91 നമ്പർ കേസിൽ 6.4.95-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
4) OP 22276/98(B), 22193/98 എന്നീ കേസുകളിൽ 14.9.99-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
5) WP(C) No.19076/2008 നമ്പർ കേസിൽ 26.3.2009-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
6) 16.2.2009-ലെ 8910/C2/2009/RD നമ്പർ സർക്കാർ കത്ത്.
7) 31.7.2009-ലെ 19800/C3/2008/RD നമ്പർ സർക്കാർ കത്ത്.
8) ലാന്റ് റവന്യു കമ്മീഷണറുടെ 6.1.2011-ലെ LR(T)4-13358/2009(1)&(2) നടപടിക്രമങ്ങൾ
9) ലാന്റ് റവന്യു കമ്മീഷണറുടെ 16.4.2011-ലെ LR(T)4-13358/2009 നമ്പർ നടപടിക്രമം.
10) ലാന്റ് റവന്യു കമ്മീഷണറുടെ 16.4.2011-ലെ LR(T)3-2003/2011 (1)&(2) നടപടിക്രമങ്ങൾ
11) ലാന്റ് റവന്യു കമ്മീഷണറുടെ 7.5.2011-ലെ LR(T)2-2002/2011(1)&(2) നടപടിക്രമങ്ങൾ
12) WP(C)-7711/2009-ലേയും അനുബന്ധ കേസുകളുടേയും 6.10.2009-ലെ ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.
13) WA-116/2011നമ്പർ കേസിൽ 27.1.2011-ലെ ബഹു: ഹൈക്കോടതി വിധി.
14) സർക്കാർ ഉത്തരവ് (എം.എസ്) നം. 68/08/RD തീയതി 28.3.2008
15) GO(MS) No.376/2008/RD തീയതി 4.11.2008
16) സർക്കാർ ഉത്തരവ് (കൈ) നം. 242/08/ആർ.ഡി തീയതി 24.6.2009
17) GO(Rt) No.2136/2011/RD തീയതി 31.3.2011
18) ഈ കാര്യാലയത്തിലെ T1-60601/2008 നമ്പർ ഫയലിലെ 19.5.2008-ലെ ഉത്തരവുകൾ.
19) ഈ കാര്യാലയത്തിലെ 16.5.2001-ലെ LR(T)1-33923/99 നമ്പർ നടപടിക്രമം.
20) ഈ കാര്യാലയത്തിലെ 2.7.2010-ലെ LR(T)1-49273/2008 നമ്പർ നടപടിക്രമം.
21) 22.1.2011-ലെ ലാന്റ് റവന്യു കമ്മീഷണറുടെ LR(T)1-2001/11 നം. ഉത്തരവ് പ്രകാരം അംഗീകരിച്ച മാനദണ്ഡങ്ങൾ.

1. വായന (1) പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ 1.1.98-മുതൽ 31.12.2006-വരെയുള്ള കാലയളവിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റ് WP(C)-7711/2009-ലേയും അനുബന്ധ കേസുകളിലേയും ഇടക്കാല ഉത്തരവുകൾ പ്രകാരം ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതാണ്. വായന 12-ലേയും 13-ലേയും ഉത്തരവുകളിലൂടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ ബഹു: ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്. അത് പ്രകാരം വായന (2) മുതൽ (7)-വരെയുള്ള കോടതിവിധികളുടേയും സർക്കാർ കത്തുകളുടേയും അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ഫീഡർ കാറ്റഗറികളായി കേരള റവന്യു മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന LDC/VA, UDC/SVO, HC/RI/VO തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റുകൾ പരാമർശം (8) മുതൽ (11)-വരെയുള്ള നടപടിക്രമങ്ങൾ പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. വായന (3) പ്രകാരമുള്ള കോടതിവിധി അനുസരിച്ച് 8.3.93-മുതലുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വായന(19) പ്രകാരം 8.3.93-മുതൽ 31.12.1997-വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് 1.1.98-മുതലുള്ള **DT/JS** സീനിയോറിറ്റി ലിസ്റ്റുകൾ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. വായന (18) പ്രകാരം 1.1.98-മുതൽ 31.12.2006-വരെയും വായന (20) പ്രകാരം 1.1.2007-മുതൽ 31.12.2008-വരെയുമുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെയും വായന 21 പ്രകാരമുള്ള DT/JS സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ 1.1.98-മുതൽ 31.12.2008-വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. അതോടൊപ്പം വായന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 1.1.98 മുതൽ 31.12.06-വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റും ഈ കാലയളവിലേക്ക്

ഇതിനുമുൻപ് പ്രസിദ്ധീകരിച്ചിരുന്ന ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റുകളും റദ്ദാക്കിയും ഉത്തരവാകുന്നു.

3. ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് നിലവിൽ നൽകി യിരിക്കുന്ന താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ KS&SSR Rule 28 പ്രകാരം ക്രമീകരിക്കുന്നതിനും ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും അതിന്റെ അടിസ്ഥാന ത്തിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനു മായിട്ടാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ബന്ധപ്പെട്ട ചട്ടങ്ങൾ, അച്ചടക്ക നടപടികൾ, ശൂന്യവേതന അവധി , കോടതി വിധികൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് വിധേയമായി അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം ക്രമപ്പെടുത്തുന്നതാണ്.

4. ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്. കൂടാതെ ഈകാലയളവിൽ ഏതെങ്കിലും സാഹചര്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരോ മരണ പ്പെട്ടവരോ വകുപ്പു വിട്ടുപോയവരോ ശൂന്യവേതന ആവധിയിൽ ആയിരുന്നവരോ ഡി.റ്റി/ജെ.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ലാത്തവരോ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികളുടെ സേവന പുസ്തകം പരിശോധിച്ച് ടിയാളുകളുടെ യോഗ്യതാവിവരങ്ങൾ ലിസ്റ്റിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിവരവും ലിസ്റ്റിൽ ഡി.റ്റി/ജെ.എസ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്താതിരിക്കുകയോ തെറ്റായി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പത്ത് ദിവസങ്ങൾക്കകം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ടി ലിസ്റ്റിൻമേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശ വാദങ്ങളും 18.6.2011 - നകം ബന്ധപ്പെട്ട ജില്ലാ കളക്ടർ / ആഫീസ് മേധാവികൾ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ

പരിശോധിച്ച് ജില്ലാ കളക്ടർ/ആഫീസ് മേധാവികൾ ശുപാർശ സഹിതം ഉടൻതന്നെ ലാന്റ് റവന്യു കമ്മീഷണർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
**കമ്മീഷണർ.**

**പകർപ്പ്** :

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,തിരുവനന്തപുരം.
6) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.